**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1295** **10-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ദേശീയപാതാ നിർമ്മാണത്തിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ദേശീയപാതാ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ തുക ചെലവാക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പാതകൾക്കാണ് തുക ചെലവാക്കുന്നതെന്നും എത്ര തുകയാണ് ഓരോ പാതയ്ക്കും ചെലവാക്കുന്നതെന്നും വിശദമാക്കാമോ; | (എ) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് ഉൾപ്പെടെ സംസ്ഥാനത്തെ ദേശീയപാതകളുടെ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ ചെലവാക്കുന്ന തുക സംബന്ധിച്ച വിശദ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണത്തിനായി സ്ഥലമേറ്റെടുപ്പ്, റോഡ് നിർമ്മാണം, സർവീസ് റോഡ് നിർമ്മാണം എന്നിവയ്ക്കായി എത്ര തുകയാണ് സംസ്ഥാനം ചെലവാക്കുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് ഉൾപ്പെടെ സംസ്ഥാനത്തെ ദേശീയപാതകളുടെ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ ചെലവാക്കുന്ന തുക സംബന്ധിച്ച വിശദ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | റോഡ് പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (സി) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ വിശദമായ പദ്ധതി രേഖ(DPR) തയ്യാറാക്കൽ പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

<table>
<tr><th>ക്രമം</th><th>ദേശീയപാതയുടെ പേര്</th><th>സംസ്ഥാന വിഹിതം ( കോടി രൂപ)</th></tr>
<tr><td>1</td><td>ദേശീയപാത 66</td><td>ദേശീയപാത 66 ന്റെ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന്റെ 25% കിഫ്ബി മുഖേന നൽകുന്നതുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി,കിഫ്ബി ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ എന്നീ കക്ഷികൾ തമ്മിലുള്ള ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുകയും, സംസ്ഥാന വിഹിതമായി ദേശീയപാത അതോറിറ്റിക്ക് ഇതുവരെ 5580,73,80,071/- രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്</td></tr>
<tr><td>2</td><td>വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ്</td><td>റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള തുകയുടെ 50%, സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക, നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം/റോയൽറ്റി എന്നിവ വേണ്ടെന്ന് വയ്ക്കുക എന്നീ വ്യവസ്ഥകൾ ഉൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിന് സംസ്ഥാനം അനുമതി നൽകിയിട്ടുണ്ട്. ഇത് മൂലം ഏകദേശം 1629.24 കോടി രൂപ ബാധ്യത ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.
<table>
<tr><td>റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള തുകയുടെ 50%</td><td>930.41 കോടി രൂപ</td></tr>
<tr><td>സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക</td><td>477.33 കോടി രൂപ</td></tr>
<tr><td>നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം</td><td>210.63 കോടി രൂപ</td></tr>
<tr><td>നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി</td><td>10.87 കോടി രൂപ</td></tr>
<tr><td>ആകെ</td><td>1629.24 കോടി രൂപ</td></tr>
</table></td></tr>
<tr><td>3</td><td>കൊല്ലം ചെങ്കോട്ട ദേശീയപാത 744</td><td>സംസ്ഥാന സർക്കാരിന് ലഭിക്കുന്ന ചരക്ക് സേവന നികുതി വിഹിതം ദേശീയപാത അതോറിറ്റിക്ക് ഗ്രാന്റ് ആയി നൽകുന്നതിനും, നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനം വേണ്ട എന്ന് വയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 317.35 കോടി രൂപയുടെ വരുമാനം വേണ്ട എന്ന് വയ്ക്കേണ്ടി വരും എന്ന് പ്രതീക്ഷിക്കുന്നു.
<table>
<tr><td>നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം</td><td>173.7 കോടി രൂപ</td></tr>
<tr><td>നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി</td><td>143.65 കോടി രൂപ</td></tr>
<tr><td>ആകെ</td><td>317.35 കോടി</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| | | | രൂപ |
| 4 | എറണാകുളം ബൈപാസ്(ദേശീയപാത 544) | സംസ്ഥാന സർക്കാരിന് ലഭിക്കുന്ന ചരക്ക് സേവന നികുതി വിഹിതം ദേശീയപാത അതോറിറ്റിക്ക് ഗ്രാന്റ് ആയി നൽകുന്നതിനും, നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട 424 കോടി രൂപയുടെ വരുമാനം വേണ്ട എന്ന് വയ്ക്കേണ്ടി വരും എന്ന് പ്രതീക്ഷിക്കുന്നു. | |
| | | നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം | 254.40 കോടി രൂപ |
| | | നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി | 169.60 കോടി രൂപ |
| | | **ആകെ** | **424 കോടി രൂപ** |
| 5 | ദേശീയപാത 966 | ഒപ്പ് വച്ച ത്രികക്ഷി കരാർ പ്രകാരം ഭൂമി ഏറ്റെടുക്കലിനുള്ള സംസ്ഥാന വിഹിതമായി ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ട 13,19,65,44,922/- രൂപ നൽകുന്ന വിഷയം സംസ്ഥാന സർക്കാർ പരിശോധിച്ച് വരുന്നു. | |